ഉത്തരം

| | | |
|---|---|---|
| (എ) | 1. പയ്യന്നൂർ ഫയർ സ്റ്റേഷൻ കെട്ടിടം | 16,94,049 രൂപ |
| | 2. ഗവ. ആയുർവേദ കോളേജിലെ ഫാമിലി ടൈപ്പ് II ക്വാർട്ടേഴ്സ് ബ്ലോക്ക് നമ്പർ II | 25,55,938 രൂപ |
| | 3. ഗവ. ആയുർവേദ കോളേജ് ടൈപ്പ് III ക്വാർട്ടേഴ്സ് ബ്ലോക്ക് III | 15,84,000 രൂപ (പാർട്ട് ബിൽ തുക) |
| | 4. ഗവ. ആയുർവേദ കോളേജിൽ 150 കിടക്കകളുള്ള ആശുപത്രി വാർഡ് കെട്ടിടം (റോഡുപണി സഹിതം) | 2,13,67,724 രൂപ |

(ബി) ഗവ. ആയുർവേദ കോളേജിലെ പ്രൊഫസർമാർക്കുള്ള ക്വാർട്ടേഴ്സ് (ടൈപ്പ് IV) ബ്ലോക്ക് 1 & 2 (ഫ്ളാറ്റ് ടൈപ്പ്)

(സി ആന്റ് ഡി) മേസന്ററി വർക്ക് ലിന്റൽ ലെവൽ വരെ പൂർത്തിയായി. പണി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നൽകി വരുന്നു.

## മാങ്ങാട്പറമ്പിൽ നിർമ്മിച്ചുകൊണ്ടിരിക്കുന്ന സ്ത്രീകളുടേയും കുട്ടികളുടേയും ആശുപത്രിയുടെ നിർമ്മാണത്തിലുണ്ടായ കാലതാമസം

132 [2203] ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ മാങ്ങാട്പറമ്പിൽ നിർമ്മിച്ചുകൊണ്ടിരിക്കുന്ന സ്ത്രീകളുടേയും കുട്ടികളുടേയും ആശുപത്രിയുടെ നിർമ്മാണത്തിലുണ്ടായ കാല താമസത്തിനുള്ള കാരണമെന്താണെന്നറിയിക്കാമോ;

(ബി) ആയതു പരിഹരിച്ച് ആശുപത്രി എപ്പോൾ പ്രവർത്തനം തുടങ്ങുവാൻ സാധിക്കുമെന്നറിയിക്കാമോ;

(സി) എഗ്രിമെന്റ് പ്രകാരം നിർമ്മാണം ഏത് തീയതിക്കാണ് പൂർത്തിയാക്കേണ്ടിയിരുന്നത് എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ ആന്റ് ബി) ആശുപത്രിയുടെ നിർമ്മാണം കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷനെയാണ് ഏൽപ്പിച്ചിരിക്കുന്നത്. പ്രവർത്തി സമയബന്ധിതമായി തീർക്കുന്നതിൽ കൺസ്ട്രക്ഷൻ കോർപ്പറേഷൻ വീഴ്ച വരുത്തിയിട്ടുണ്ട്. പ്രവർത്തി പൂർത്തിയാക്കാനുള്ള സമയപരിധി നീട്ടുവാനും, റേറ്റ് കൂട്ടി നൽകുവാനുമുള്ള കൺസ്ട്രക്ഷൻ കോർപ്പറേഷന്റെ ആവശ്യത്തിൻമേൽ തീരുമാനമായിട്ടുണ്ട്. 2005-ൽ പണി പൂർത്തിയാക്കാമെന്ന് പ്രതീക്ഷിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(സി) 9-11-2002-ൽ പൂർത്തീകരിക്കേണ്ടതായിരുന്നു. എന്നാൽ പ്രവർത്തി പൂർത്തിയാകാഞ്ഞ സാഹചര്യത്തിൽ രണ്ട് തവണയായി ഇതിനകം 9-11-2004 വരെ കാലാവധി നീട്ടിയിരുന്നു.

പെരുമ്പാവൂരിലെ എൻ. ജി. ഒ. ക്വാർട്ടേഴ്സ്

133 [2204] ശ്രീ. സാജു പോൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരുമ്പാവൂരിൽ മുൻ ഗവൺമെന്റിന്റെ കാലത്ത് ഉദ്ഘാടനം ചെയ്ത എൻ. ജി. ഒ. ക്വാർട്ടേഴ്സ് ഇപ്പോഴും ജീവനക്കാർക്ക് കൈമാറിയിട്ടില്ല എന്നുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ അതിനുള്ള കാരണം എന്താണ് എന്നു വ്യക്തമാക്കുമോ;

(സി) പ്രസ്തുത ക്വാർട്ടേഴ്സിന് ഇതുവരെ ചെലവായ തുക എത്ര എന്ന് വ്യക്തമാക്കുമോ;

(ഡി) എത്ര കുടുംബങ്ങൾക്കുള്ള താമസ സൗകര്യമാണ് ഇവിടെ ഒരുക്കിയിട്ടുള്ളത്;

(ഇ) നിർമ്മാണ ജോലികൾ വേഗത്തിൽ പൂർത്തിയാക്കി ബന്ധപ്പെട്ടവർക്ക് കൈമാറാനുള്ള നടപടികൾ സ്വീകരിക്കുമോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(എഫ്) ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഈ കെട്ടിടം നിർമ്മിച്ച കേരളാ സ്റ്റേറ്റ് ഹൗസിംഗ് ബോർഡ് കെട്ടിടത്തിൽ ജലവിതരണ സംവിധാനം ഉണ്ടാക്കിയിരുന്നില്ല.

(സി) വിവരം ശേഖരിച്ചുവരുന്നു

(ഡി) 42 കുടുംബങ്ങൾക്ക്.

(ഇ) സ്വീകരിച്ചിട്ടുണ്ട്. നിലവിലുള്ള ശുദ്ധജല സംവിധാനത്തിന് ക്വാർട്ടേഴ്സിന്റെ മുകൾ നിലയിലേക്ക് ശുദ്ധജലം ലഭ്യമാക്കാൻ സാധിക്കാത്തതു കൊണ്ട് വെള്ളം പമ്പ് ചെയ്ത് മുകളിലെ നിലയിൽ എത്തിക്കുന്നതിന് 1 ലക്ഷം ലിറ്റർ കൊള്ളുന്ന ഗ്രൗണ്ട് വാട്ടർ ടാങ്കും അത്രയും തന്നെ ഉൾക്കൊള്ളുന്ന ഓവർഹെഡ് ടാങ്കും കിണറും പണിയുന്നതിനാവശ്യമായ എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു.

(എഫ്) ബാധകമല്ല.

LIBRARY ARCHIVES Kerala Legislative Assembly